കേരളകൗമുദി

05.05.2019

www.keralakaumudi.com www.facebook.com/keralakaumudi




പത്തനാപുരം ഗാന്ധിഭവനിൽ നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ ശിലാസ്ഥാപനം ഡോ. എം.എ. യൂസഫലി നിർവഹിക്കുന്നു. ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ സമീപം



ശിലാസ്ഥാപനത്തിനുശേഷം ഗാന്ധിഭവനിൽ നടന്ന സമ്മേളനം ഡോ. എം.എ. യൂസഫലി ഉദ്ഘാടനം ചെയ്യുന്നു

# മാതാപിതാക്കളെ വൃദ്ധസദനത്തിലാക്കുന്ന സംസ്കാരം അപമാനം: എം.എ. യൂസഫലി

- ഗാന്ധിഭവനിൽ യൂസഫലി നിർമ്മിക്കുന്ന കെട്ടിടത്തിന് ശിലയിട്ടു
- നിർമ്മാണം പതിനഞ്ച് കോടിയിലേറെ ചെലവിട്ട് ആധുനിക രീതിയിൽ

കൊല്ലം: നൂറുശതമാനം സാക്ഷരത നേടിയ കേരളീയർ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലാക്കുന്ന പാശ്ചാത്യസംസ്കാരം നടപ്പാക്കുന്നത് അപമാനകരമാണെന്ന് പ്രവാസി വ്യവസായിയും ജീവകാരുണ്യപ്രവർത്തകനുമായ ഡോ. എം.എ. യൂസഫലി പറഞ്ഞു. ഏഷ്യയിലെ ഏറ്റവും വലിയ അഭയകേന്ദ്രങ്ങളിലൊന്നായ പത്തനാപുരം ഗാന്ധിഭവനിലെ അന്തേവാസികൾക്കായി പതിനഞ്ച് കോടി രൂപ ചെലവഴിച്ച് ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്ന മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗാന്ധിഭവനിൽ എല്ലാ സൗകര്യങ്ങളുമുള്ള ബഹുനിലമന്ദിരം നിർമ്മിക്കുന്നത് പുതിയ അന്തേവാസികൾ അഭയം തേടി എത്തട്ടെ എന്ന ആഗ്രഹത്തിലല്ല. നിലവിൽ ഇവിടെയുള്ളവർ സൗകര്യമായി താമസിക്കട്ടെ എന്നു കരുതിയാണ്. മാതാപിതാക്കൾക്കുവേണ്ടിയുള്ള കരുതലും പ്രാർത്ഥനയും നന്മകൾ മാത്രമേ സമ്മാനിക്കൂ. സർവ്വ മതങ്ങളും പറയുന്നത് മാതാപിതാക്കളെ സ്നേഹിക്കാനും അവരെ ദൈവത്തെപ്പോലെ കാണാനുമാണ്.

പഴയകൂട്ടുകുടുംബവ്യവസ്ഥിതിയിൽ എല്ലാവരും ഒന്നിച്ചുള്ള പ്രാർത്ഥനയും ഭക്ഷണം കഴിക്കലും അന്യോന്യമുള്ള സംസാരങ്ങളുമെല്ലാം ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം നഷ്ടമായിരിക്കുന്നു. എല്ലാവരും മൊബൈൽ ഫോണിന്റെ ഇത്തിരിവട്ടത്തിലേക്ക് ഒതുങ്ങിയിരിക്കുന്നു. ഗാന്ധിഭവനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹം ആദ്യതവണ ഗാന്ധിഭവൻ സന്ദർശിച്ചപ്പോൾതന്നെ ആരംഭിച്ചതാണ്. ഗാന്ധിഭവന്റെ മതേതര സ്വഭാവവും ശുചിത്വപൂർണ്ണമായ അന്തരീക്ഷവും അന്തേവാസികളുടെയെല്ലാം മുഖത്ത് നിറഞ്ഞുനിൽക്കുന്ന സന്തോഷവും സംതൃപ്തിയുമാണ് തന്നെ ഏറെ ആകർഷിച്ചതെന്നും അദ്ദേഹം പറഞ്ഞു.

കെട്ടിടനിർമ്മാണത്തിന്റെ ഒന്നാം ഘട്ടമായി അഞ്ചു കോടി രൂപയുടെ ചെക്ക് അദ്ദേഹം കൈമാറി. കൂടാതെ ഗാന്ധിഭവന് കടബാദ്ധ്യതകൾ തീർക്കുവാൻ വേണ്ടി ഒരു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപയും, ദൈനംദിന ചെലവുകൾക്കായി 50 ലക്ഷവും സമ്മാനിച്ചു. ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾ ലോകത്തിനു മാതൃകയാക്കുവാൻ കഴിയുന്നതാണെന്നും ഡോ. യൂസഫലി പറഞ്ഞു.



ഗാന്ധിഭവനിൽ നടന്ന സമ്മേളനത്തിൽ ഡോ. എം.എ. യൂസഫലി സംസാരിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ വി. ശശി, കെ.ബി. ഗണേശ്കുമാർ എം.എൽ.എ, ഡോ. പുനലൂർ സോമരാജൻ, എസ്. സുവർണകുമാർ തുടങ്ങിയവർ സമീപം

മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ടി.കെ.എ. നായർ അദ്ധ്യക്ഷത വഹിച്ചു. നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി. ശശി, കെ.ബി. ഗണേശ്കുമാർ എം.എൽ.എ, ഖാദി ബോർഡ് വൈസ്ചെയർപേഴ്സൺ ശോഭന ജോർജ്ജ്, കെ. വരദരാജൻ, പ്രവാസി വ്യവസായി കെ. മുരളീധരൻ, എ. യൂനുസ്കുഞ്ഞ്, എച്ച്. നജീബ് മുഹമ്മദ് എന്നിവർ സംസാരിച്ചു. ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ സ്വാഗതവും വനിതാകമ്മിഷൻ അംഗം ഡോ. ഷാഹിദാ കമാൽ നന്ദിയും പറഞ്ഞു.

പത്തനാപുരം മാലൂർ സെന്റ് സ്റ്റീഫൻസ് കോളേജ് മൈതാനിയിൽ രാവിലെ 10.45 ന് ഹെലികോപ്റ്ററിൽ വന്നിറങ്ങിയ യൂസഫലിയെ ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് നൂറോളം ബൈക്കുകളുടെയും നിരവധി കാറുകളുടെയും അകമ്പടിയോടെ ഗാന്ധിഭവന് സമീപമുള്ള ശിലാസ്ഥാപന ഭൂമിയിൽ എത്തിച്ചു. ശിലാസ്ഥാപനത്തിന് ശേഷം ഗാന്ധിഭവൻ സ്നേഹമന്ദിർ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ആയിരത്തി അഞ്ഞൂറിലേറെ പേർ പങ്കെടുത്തു. ഗാന്ധിഭവനെ സഹായിച്ചുകൊണ്ടിരിക്കുന്ന നിരവധി കുടുംബങ്ങളും പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും കാരുണ്യത്തിന്റെ മൂർത്തിഭാവമായ യൂസഫലിയെ ഒരു നോക്കു കാണാനായി തടിച്ചുകൂടിയവരുമൊക്കെ അക്കൂട്ടത്തിലുണ്ടായിരുന്നു. കണ്ടവരോടെല്ലാം കുശലം പറഞ്ഞും ചിലരെ ആശ്ലേഷിച്ചും ദൂരെനിൽക്കുന്നവരെ കൈവീശി അഭിവാദ്യം ചെയ്തും ഇടപഴകിയ അദ്ദേഹത്തിന്റെ ലാളിത്യം എല്ലാവരെയും ആകർഷിച്ചു.